**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2840** **10-03-2025 - ൽ മറുപടിയ്ക്ക്**

**സുസ്ഥിര വനപരിപാലനത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനനശീകരണം തടയുന്നതിനും സുസ്ഥിര വനപരിപാലന പദ്ധതികൾ വികസിപ്പിക്കുന്നതിനും വനവത്ക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | വനനശീകരണം തടയുന്നതിന്റെയും സ്വാഭാവിക വനം വിപുലപ്പെടുത്തുന്നതിന്റെയും ഭാഗമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.<br><br>1) അക്കേഷ്യ, സെന്ന, യൂക്കാലിപ്റ്റസ്, മാഞ്ചിയം തുടങ്ങിയ പരിസ്ഥിതിയ്ക്കും, ആവാസവ്യവസ്ഥയ്ക്കും ദോഷകരമായതും, കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ വിദേശ ഇനം വൃക്ഷങ്ങളും, അവ അടങ്ങിയ ഏകവിള തോട്ടങ്ങളും ഘട്ടം ഘട്ടമായി നീക്കം ചെയ്ത് സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം നടത്തുന്നതിന് 17.12.21-ലെ സ.ഉ(കൈ) നമ്പർ 29/2021/വനം സർക്കാർ ഉത്തരവ് പ്രകാരം ഒരു നയരേഖ അംഗീകരിച്ചിട്ടുണ്ട്. ആയതുപ്രകാരം വിവിധ സർക്കിളുകളിലായി 5585.57 ഹെക്ടർ സ്ഥലത്ത് സ്വാഭാവിക വനങ്ങളായി പുനഃസ്ഥാപിച്ച് വരുന്നു<br><br>2) മറ്റു പ്രദേശങ്ങളിലെ മേൽ സൂചിപ്പിച്ച ഇനങ്ങളിലെ ഏകവിളതോട്ടങ്ങൾ, വളർച്ച മുരടിച്ച തേക്ക് തോട്ടങ്ങൾ മുതലായവയും സ്വാഭാവികവനം പുന:സ്ഥാപിക്കുന്നതിനായി പരിചരണത്തിനും, പരിപാലനത്തിനുമായി കണ്ടെത്തിയിട്ടുണ്ട്.<br><br>3) സംരക്ഷണ വിഭാഗം ജീവനക്കാരെ ഫലപ്രദമായി വിനിയോഗിച്ചും, നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചും, സമയ ബന്ധിതമായി പട്രോളിംഗ് നടത്തിയും, വനസംരക്ഷണത്തിന്റെ ആവശ്യകതയെ കുറിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തിയും, സുസ്ഥിര വനപരിപാലന പദ്ധതികൾ നടത്തി വരുന്നു.<br><br>4) വനേതരാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന വനഭൂമികൾക്ക് പകരമായി ലഭ്യമാകുന്ന ഭൂമികളിൽ പരിഹാരവനവൽക്കരണം നടത്തിയും, സാമൂഹിക |

| | | | |
|---|---|---|---|
| | | | വനവൽക്കരണത്തിന്റെ ഭാഗമായി "വൃക്ഷസമൃദ്ധി" പോലുള്ള വിവിധ വനവൽക്കരണ പദ്ധതികൾ നടപ്പാക്കിയും വനവൽക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി) | വനനശീകരണവും ഭൗമ ശോഷണവും ആവാസവ്യവസ്ഥയുടെ സേവനങ്ങളെ ഗുരുതരമായി ബാധിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മനുഷ്യന്റെ ഇടപെടലുകൾ മൂലം പ്രകൃതിയിൽ വരുത്തപ്പെട്ട മാറ്റങ്ങൾ വനങ്ങളുടെ ശോഷണത്തിനു കാരണമായിട്ടുണ്ട്. പ്രകൃതിയിലെ വിഭവങ്ങൾ അളവിലധികമായി ചൂഷണം ചെയ്യുന്നതുകൊണ്ടുണ്ടാകുന്ന പാർശ്വഫലങ്ങൾ ജൈവവ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നതും, ജീവന്റെ നിലനിൽപ്പിനെ ബാധിക്കുന്നതുമാണെന്ന് ശാസ്ത്രീയമായി വിലയിരുത്തപ്പെട്ടിട്ടുള്ളതാണ്. മനുഷ്യ ഇടപെടലുകളിലൂടെ വനപ്രദേശങ്ങൾ വിഘടിക്കപ്പെടുകയും, തുടർച്ച നഷ്ടപ്പെടുകയും ചെയ്യുന്നത് ആവാസവ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. |
| (സി) | കാർഷിക വനവത്ക്കരണം വിപുലീകരിക്കുന്നതിനും ശോഷണം സംഭവിച്ച ഭൂമി പുനഃസ്ഥാപിക്കുന്നതിനും വനങ്ങളുടെ സുസ്ഥിരമായ ഉപയോഗവും ഹരിത മൂല്യ ശൃംഖലയുടെ വികസനവും പ്രോത്സാഹിപ്പിക്കുന്നതിനും സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | ശോഷണം സംഭവിച്ച വനഭൂമികളിൽ ആവാസ വ്യവസ്ഥയ്ക്ക് അനുയോജ്യമായ തരത്തിൽ നടീൽ നടത്തി പുനരുജ്ജീവിപ്പിക്കുന്നതിലൂടെയും, ഹരിതാവരണം വർദ്ധിപ്പിക്കുന്നതിനും, കാർബൺ സ്വാംശീകരണത്തിനും ഉതകുന്ന തരത്തിലുള്ള വൃക്ഷത്തൈകളുടെ നടീൽ നടത്തിയും ഹരിതമൂല്യ ശൃംഖലയുടെ വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ